ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നേരത്തേക്കൂട്ടി അഭിപ്രായം ആരാഞ്ഞിരുന്നില്ല.

ശ്രീ ആർ. പ്രകാശം : അങ്ങനെ ഒരാക്ഷേപം ഇല്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുമ്പിൽ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കാം. എനിക്ക് ഓർമ്മയില്ല.

ശ്രീ. ആർ. പ്രകാശം : ഇനിയും ഒരു യോഗം വിളിച്ചു കൂട്ടിയാൽ അലോട്ട്മെൻറ് കുറഞ്ഞിരിക്കുന്നതു കൂട്ടാൻ സഹായമായിരിക്കുമല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ് : അവരുടെ നിർദ്ദേശം ഇപ്പോഴത്തെ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെല്ലാം നല്ല നിർദ്ദേശങ്ങളാണ്.

ശ്രീ. എൻ. ജി. ചാക്കോ : ഡൽഹിയിൽ നടന്ന യോഗത്തിൽ എല്ലാ എം. പി. മാരും സംബന്ധിച്ചിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാവരേയും ക്ഷണിച്ചിരുന്നു. മിക്കവരും സംബന്ധിച്ചിരിക്കും.

ശ്രീ. പി. എസ്. നടരാജപിള്ള : പ്ലാനിംഗ് അഡൈവസറി ബോർഡിൽ എം. പി. മാരെ നാമനിർദ്ദേശം ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുപേരേ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : ആ നിർദ്ദേശങ്ങളെപ്പറ്റി അന്വേഷണം നടത്തിയതിന്റെ വിവരം പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മത്സ്യവ്യവസായം നന്നാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. വിദ്യുച്ഛക്തിക്കു വേണ്ടി കളിമൺ സാധനങ്ങൾ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. റബ്ബർഫാക്ടറി സ്ഥാപിക്കുന്ന കാര്യവും ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. ആർ. പ്രകാശം : വക്കലയിലെ ലിഗ്നൈറ്റ് നെപ്പറ്റി വല്ലതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള സമയം ആയിട്ടില്ല.

രണ്ടാംപഞ്ചവത്സരപദ്ധതിയിലെ ജലസേചന പദ്ധതികൾ.

* 679. [15] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതി കാലഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്താനായി ഏതെല്ലാം മേജർ, മീഡിയം ജലസേചനപദ്ധതികൾക്കു പണം കൊള്ളിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ വാമനപുരം നദിയിലെ അണക്കെട്ട് ഉൾപ്പെടുമോ;

(സി) പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണം രണ്ടാം പഞ്ചവത്സരപദ്ധതിക്കാലഘട്ടത്തിൽത്തന്നെ ഉൾക്കൊള്ളിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) മേജർ ജലസേചനപദ്ധതികളുടെ ഇൻവെസ്റ്റിഗേഷനു വേണ്ടി 4 ലക്ഷം രൂപ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മീഡിയം ജലസേചനപദ്ധതികളുടെ ഇൻവെസ്റ്റിഗേഷനു പ്രത്യേകം വക കൊള്ളിച്ചിട്ടില്ല.

(ബി) ഉൾപ്പെട്ടതും.

(സി) ഉണ്ട്. ഈ പദ്ധതിയെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

ശ്രീ. ആർ. പ്രകാശം: നേരത്തെതന്നെ ഉന്നയിച്ചിരുന്ന വാമനപുരം അണക്കെട്ട് ഒന്നാംപഞ്ചവത്സരപദ്ധതിക്കാലത്തു ഉൾപ്പെടുത്താതിരുന്നതിനു കാരണമെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തി. അതു മീഡിയം പദ്ധതിയിൽ വരികയില്ല. മേജർ പദ്ധതിയാണ്. അതുകൊണ്ടു പൂർണ്ണമായ അന്വേഷണം നടത്തുകയാണു്.

ശ്രീ. ആർ. പ്രകാശം: അതിലേയ്ക്ക് 50000 രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നതു പര്യാപ്തമാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: പ്രിലിമിനറി ഇൻവെസ്റ്റിഗേഷന്റെ ഫലമായിട്ടാണു് ആ തുക കൊള്ളിച്ചിട്ടുള്ളതു്.

നദീജലസമ്പത്തിന്റെ ചൂഷണം.

* 680. [16] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീജലസമ്പത്തിനെ അപ്പാടെ സംഭരിച്ചു ജലവിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചും ജലസേചനത്തിനു പരമാവധി ഉപയോഗിച്ചും പരമാവധി ചൂഷണം ചെയ്യുന്നതിനും വർഷകാലങ്ങളിൽ ജനങ്ങളുടെ ജീവധനാദികൾക്കു നമ്മുടെ നദികൾ ആപത്തായിത്തീരുന്ന പരിതഃസ്ഥിതി ഒഴിവാക്കുന്നതിനും, നദികളെ റഗുലേറ്റ് ചെയ്തു് ഫാഠസ്സതീത്തുവരെയും ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിനുവേണ്ടി, വിദഗ്ദ്ധന്മാരെ നിയോഗിച്ചു സമഗ്രമായ ഒരു സർവ്വെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം അടങ്ങിയ ഒരു റിപ്പോർട്ട് തരുമോ;

(ബി) മദിരാശി സംസ്ഥാനമാണെങ്കിൽപോലും തങ്ങളുടെ സംസ്ഥാനത്തിനകത്തെ ജലസമ്പത്തിന്റെ ഉറവിടങ്ങൾ മുഴുവൻ സർവ്വെ ചെയ്തതിനു ശേഷം തിരുവിതാംകൂർ-കൊച്ചിയുടെ നദീജലകേദാരങ്ങൾ കൂടി സർവ്വെ

LIBRARY ARCHIVES Kerala Legislative Assembly